# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നടുവിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ./സി.12/1493/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 20/01/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ./സി.12/1493/22 തീയ്യതി: 20/01/2023

## കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-08-2021 മുതൽ 07-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ എം.സി. | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.രമണി.കിഴക്കീൽ. ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.ഗണേശൻ.കേളോത്ത്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ.കെ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പ്രമോദ്.കെ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ബേബി ഓടംപള്ളിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ദിനേശൻ കെ. | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.മനു ശേഖർ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.കെ.സി.മോഹനൻ | മെഡിക്കൽ ഓഫീസർ .പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.സിതാര.കെ പയ്യനാട്ട് | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശ്രീ..പി.പി അനിൽ കുമാർ | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 30-11-2021 |
| ശ്രീ.എസ്.എസ്.ധനുഷ് | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-12-2021 | 31-03-2022 |
| ശ്രീ.രാജീവ്.സി.കെ | വി.ഇ.ഒ ,നടുവിൽ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ.അദീഷ്.എം.പി | വി.ഇ.ഒ ,വെള്ളാട് സർക്കിൾ | 01-04-2021 | 14-06-2021 |
| ശ്രീ.കമാലുദ്ദീൻ.എൻ..പി | വി.ഇ.ഒ ,വെള്ളാട് സർക്കിൾ | 15-06-2021 | 31-03-2022 |
| ശ്രീ.ബാബു.എ.വി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദീപ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.അശോകൻ.എം.എം | അസി.സെക്രട്ടറി | 01-04-2021 | 19-07-2021 |
| ശ്രീ.സജി സെബാസ്റ്റ്യൻ | അസി.സെക്രട്ടറി | 20-07-2021 | 31-12-2021 |
| ശ്രീ.മാധവൻ.ഇ.എ | അസി.സെക്രട്ടറി(ഇൻ ചാർജ്) | 01-01-2022 | 10-01-2022 |
| ശ്രീ.പ്രതോഷ്.പി | അസി.സെക്രട്ടറി | 11-01-2022 | 31-03-2022 |
| ശ്രീ.ഡിക്സൺ ദേവസ്സി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി രോഷ്നി ഊരാളിക്കണ്ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി ഹസീന വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11-11-2021 | 20-01-2022 |
| ശ്രീമതി ഉദിഷ എ.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-01-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- നടപടിക്രമങ്ങളിലെ അപാകതകൾ | 1-6(1) |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമ സഭ | 1-10 |
| 13 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ. | 1-11 |
| 14 | വാടക - ബൈലോ തയ്യാറാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| 15 | വൈകി സമർപ്പിക്കുന്ന ജമമാറ്റത്തിനുള്ള അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല. | 1-13 |
| 16 | തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 17 | ഗ്രാമപഞ്ചായത്ത് തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |
| 18 | ആർജിതാവധി സറണ്ടർ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല | 1-16 |
| 19 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കേണ്ടതാണ്. | 1-17 |
| 20 | ഫെസ്റ്റിവെൽ അഡ്വാൻസ് നൽകിയത് -സമയബന്ധിതമായി തിരികെ ഈടാക്കിയിട്ടില്ല | 1-18 |
| 21 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല – തടസ്സം - ₹249465 | 1-19 |
| 22 | അമൃതം ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്തിട്ടില്ല - ₹437086 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 23 | കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾ മാറ്റി നൽകൽ | 1-21 |

| | | |
|---|---|---|
| | - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹150000 തടസ്സപ്പെടുത്തുന്നു. | |
| 24 | ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-22 |
| 25 | അങ്കണവാടി പോഷകാഹാരം- ന്യൂട്രിമിക്സ് തുകയിൽ നിന്നും ജി എസ് ടി – ടി ഡിഎസ് കുറവ് ചെയ്തിട്ടില്ല | 1-23 |
| 26 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചു - വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല - ₹173528 തടസ്സപ്പെടുത്തുന്നു | 1-24 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-രേഖകളുടെ അഭാവത്തിൽ ₹39945 തടസ്സപ്പെടുത്തുന്നു. | 1-25 |
| 28 | ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - സ്കൂൾ സർട്ടിഫിക്കറ്റ് ഇല്ലാതെ ആനുകൂല്യം അനുവദിച്ചു | 1-26 |
| 29 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം അനുവദിച്ച ₹25427 ക്രമീകരിക്കേണ്ടതാണ് | 1-27 |
| 30 | ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം അനുവദിച്ച ₹8475 ക്രമീകരിക്കേണ്ടതാണ് | 1-28 |
| 31 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-29 |
| 32 | ടെണ്ടർ അംഗീകരിച്ചതിലെ അപാകം ₹ 57142 കരാറുകാരന് അധികം നൽകി | 1-30 |
| 33 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടർ വാങ്ങിക്കൽ - ₹ 39020 തടസ്സപ്പെടുത്തുന്നു. | 1-31 |
| 34 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേരുന്നില്ല | 1-32 |
| 35 | സാന്ത്വന പരിചരണം - മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-33 |
| 36 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-34 |
| 37 | വീടുകളിൽ ബയോബിൻ സ്ഥാപിക്കൽ-ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 38 | ഹരിത കർമ്മസേനക്ക് വാഹനം വാങ്ങൽ-അനുബന്ധരേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-36 |
| 39 | ഐ.കെ.എം ന് വിഹിതം-വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 1-37 |
| 40 | സ്ട്രീറ്റ് ലൈൻ വലിച്ച സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ-മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.1365000 രൂപ തടസപ്പെടുത്തുന്നു | 1-38 |
| 41 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി -ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ | 1-39 |

| | | |
|---|---|---|
| | വിവരം ലഭ്യമാക്കേണ്ടതാണ്. | |
| 42 | ഭവനനിർമ്മാണം പൂർത്തീകരിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി വിവരം അറിയിക്കേണ്ടതാണ്. | 1-40 |
| 43 | പി എം എ വൈ (പട്ടികവർഗ്ഗം)-ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-41 |
| 44 | പി എം എ വൈ (ജനറൽ)-ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 45 | പി എം എ വൈ (എസ് സി)-ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-43 |
| 46 | 2022വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-44 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ടെണ്ടർ അംഗീകരിച്ചതിലെ അപാകം ₹ 57216 കരാറുകാരന് അധികം നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 18-02-2021 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.പുതുക്കിയ ബജറ്റ് 23.03.2022 തീയ്യതിയിലെ 1/1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 13478843 | 11108711 |
| വരവ് | 264386500 | 214644597 |
| ആകെ | 277865343 | 225753308 |
| ചെലവ് | 268600660 | 218466631 |
| നീക്കിയിരിപ്പ് | 9264683 | 7286677 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 17.05.2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1.വാർഷിക ധനകാര്യപത്രിക B-11 Fixed Asset ഇനത്തിലെ Land ആസ്തിയിൽ Land -Cremation Grounds ലെ 16067 രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. സ്ഥലത്തിന്റെ മുഴവൻ ആസ്തിയും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.ഭവന പദ്ധതി വായ്പ 2020-21 വർഷത്തിലെ നീക്കിയിരിപ്പ് തുകയും തൻവർഷം ഒടുക്കിയതും നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ലോൺ തുകയിൽ നിന്നും പലിശനത്തിൽ ലഭിച്ച 3226 രൂപ അധികമായി ലോൺ തിരിച്ചടവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3.ജില്ലാപഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് സ്വലേഖ സ്റ്റേറ്റ്മെന്റിലെ തുകയും (2434405രൂപ) വാർഷിക ധനകാര്യപത്രികയിലെ I-6 ലെ തുകയുമായി (2825955രൂപ) പൊരുത്തപ്പെടുന്നില്ല. 391550/- രൂപയുടെ വ്യത്യാസമുണ്ട്.

4.ബി 9 ഷെഡ്യൂളിലെ Employees Liabiities-Net Salary Payable ഇനത്തിൽ രേഖപ്പെടുത്തിയ 472349രൂപ 2022 ഏപ്രിൽ മാസത്തിലെ ഈ ഇനത്തിലെ ചെലവ് രേഖകളുമായി പൊരുത്തപ്പെടുന്നില്ല. 6000 രൂപ അധികം രേഖപ്പെടുത്തി

5.Other Liabilities ഇനത്തിൽ രേഖപ്പെടുത്തിയ 214942രൂപയിലെ ഗവൺമെന്റിലേക്ക് തിരിച്ചടക്കാനുള്ള തുകകൾ സമയബന്ധിതമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6.ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ഇനത്തിലെ വരവ്,ചെലവ്,നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | തൻവർഷ വരവ് RP-31 | ചെലവ്-സ്വലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം | നീക്കിയിരിപ്പ് ബി-4 പ്രകാരം | നീക്കിയിരിപ്പ് ബി-17 പ്രകാരം |
|---|---|---|---|---|
| CFC Grant Tied | 8273000 | 11999822 | 5567145 | 5657774 |
| CFC-Grant UnTied | 5600859 | | 119543 | |

| Total | 13873859 | 11999822 | 5686688 | 565777 |
|---|---|---|---|---|

7.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

8.2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ വാർഷികധനകാര്യപത്രികയിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

9.ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, ഹോണറേറിയം, വാഹന ഇന്ധനച്ചെലവ്,കരാർ ജീവനക്കാരുടെ ശമ്പളം എന്നിവയുടെ ബാധ്യത ചെലവുകളുടെ കുടിശ്ശിക ഉൾപ്പെടുത്തിയിട്ടില്ല.

10.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.(ബാലൻസ് ഷീറ്റ് -2021-22 കാണുക)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25411456 |
| വരവ് | 110635158 |
| ആകെ | 136046614 |
| ചെലവ് | 100821147 |
| നീക്കിയിരിപ്പ് | 35225467 |
| വരവ് നഷ്ടം | 850 |
| ചെലവ് നഷ്ടം | 57142 |
| തടസ്സപ്പെടുത്തിയ തുക | 2454044 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 27904354 | 27904354 | 27904354 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 520000 | 520000 | 520000 | 0 |
| വികസന ഫണ്ട്- ടി എസ്.പി | 0 | 5571666 | 5571666 | 5468280 | 103386 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 21998000 | 21998000 | 14229606 | 7768394 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 8945086 | 8945086 | 4287245 | 4657841 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് | 0 | 2344186 | 2344186 | 2344186 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 8273000 | 8273000 | 2705855 | 5567145 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഫണ്ട് | 0 | 5600859 | 5600859 | 5481316 | 119543 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| എം എൻ ആർ ഇ ജി എസ് | 3610 | 50605011 | 50608621 | 50590853 | 17768 |
| എസ് എസ് എ | 72788 | 2912 | 75700 | 0 | 75700 |
| ഡബ്ല്യ ജി ഡി പി | 737735 | 2460 | 740195 | 740195 | 0 |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 725871 | 1334356 | 2060227 | 858062 | 1202165 |
| പൈക്ക | 7000 | 0 | 7000 | 0 | 7000 |
| എം പി ഫണ്ട് | 567475 | 0 | 567475 | 649 | 566826 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ്-കേന്ദ്രം | 22114 | 0 | 22114 | 0 | 22114 |
| ശുചിത്വമിഷൻ | 183697 | 2919281 | 3102978 | 2925074 | 177904 |
| ടി എസ് സി | 25000 | 0 | 25000 | 0 | 25000 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| കേരളോത്സവം | 20000 | 0 | 20000 | 0 | 20000 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് | 579216 | 656183 | 1235399 | 0 | 1235399 |
| പ്രത്യേക ഉദ്ദേശ്യഗ്രാന്റ് -ക്യാപ്പിറ്റൽ | 2033406 | 40910 | 2074316 | 568931 | 1505385 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (1) | 22884 | 0 | 22884 | 0 | 22884 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (2) | 9893 | 0 | 9893 | 0 | 9893 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (3) | 2500 | 0 | 2500 | 0 | 2500 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 166 | 128216942 | 144 | 79260471 | 30 | 108 | 28 | 65 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവഴിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 4212200 | 4199500 | 99.6 |
| 2 | വെറ്ററിനറി സർജന് | 6 | 5 | 7652000 | 7402000 | 96.7 |
| 3 | മെഡിക്കൽഓഫീസർ (പി.എച്ച്.സി) | 10 | 9 | 5028000 | 3223868 | 64.1 |
| 4 | മെഡിക്കൽഓഫീസർ( ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| 5 | വി.ഇ.ഒ | 35 | 35 | 47177098 | 22279379 | 47.2 |
| 6 | ഐ സി ഡിഎസ് സൂപ്പർവൈസർ | 7 | 6 | 8454800 | 7035155 | 83.2 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2500000 | 1292000 | 51.68 |
| 8 | സെക്രട്ടറി | 18 | 12 | 8860193 | 7129903 | 80.47 |
| 9 | അസിഎഞ്ചിനീയർ | 69 | 57 | 40198202 | 22843972 | 56.82 |
| 10 | ഹെഡ് മാസ്റ്റർ | 11 | 10 | 2634449 | 2354694 | 89.38 |
| 11 | അസി സെക്രട്ടറി | 1 | 1 | 1200000 | 1200000 | 100 |
| | ആകെ | 166 | 144 | 128216942 | 79260471 | 61.8 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഫണ്ട് ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എം.ജി. എൻ. ആർ .ഇ.ജി.എസ്. | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3610 | 697464 | 701074 | 683306 | 17768 |
| | തൊഴിലാളികളുടെ കൂലി | 0 | 49907547 | 49907547 | 49907547 | 0 |
| ആകെ | | 3610 | 50605011 | 50608621 | 50590853 | 17768 |

## 1-6(1) ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി- നടപടിക്രമങ്ങളിലെ അപാകതകൾ

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 31.03.2012 ലെ സഉ(കൈ)284/12/എൽ എസ് ജി ഡി ഉത്തരവു പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായുള്ള വാങ്ങലുകൾ നടത്തേണ്ടത്. പ്രസ്തുത ഉത്തരവിൽ വ്യക്തമായ പ്രൊക്യൂർമെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം വാങ്ങൽ നടപടികളിലേക്ക് കടക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓരോ പ്രവ്യത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും പ്രത്യേകം പ്രത്യേകം കരാറുകാരെ നിശ്ചയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആയത് കൂടുതൽ അളവിൽ സാധനങ്ങൾ വാങ്ങുമ്പോൾ ലഭിക്കാവുന്ന ലാഭം നഷ്ടപ്പെടുന്നതിന് കാരണമാകുന്നുണ്ട്. ഒരേ തീയതിയിലെ പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനത്തിൽ ഉൾപ്പെടുന്ന പ്രവ്യത്തികൾക്കാവശ്യമായ സാധനങ്ങളുടെ കാര്യത്തിൽ പോലും ഒരുമിച്ച് ടെണ്ടർ ക്ഷണിച്ചില്ല എന്നത് ഗുരുതരമായ അപാകമാണ്. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചപ്പോൾ ഫയലുകളിൽ സൈറ്റ് ഡയറി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. പദ്ധതികളൊന്നും തന്നെ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. പ്രവ്യത്തികളുടെ ഗുണനിലവാര പരിശോധന നടത്താതിരുന്നതും അപാകമാണ്. മെറ്റീരിയൽ

പ്രവൃത്തികളുടെ ഭാഗമായി നിർമ്മിക്കപ്പെട്ട ആസ്തികളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും പദ്ധതി മോണിറ്ററിംഗ് നടത്താതെയും സൈറ്റ് ഡയറികൾ കൃത്യമായി സൂക്ഷിക്കാതെയും ചെലവുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4464600 | 293 |
| വിധവാ പെൻഷൻ | 16627500 | 1101 |
| വാർധക്യകാല പെൻഷൻ | 48867600 | 3589 |
| വികലാംഗ പെൻഷൻ | 6344600 | 419 |
| അവിവാഹിത പെൻഷൻ | 815600 | 60 |
| വിവാഹ ധനസഹായം | 210000 | 7 |
| തൊഴിൽരഹിത വേതനം | 37800 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2022-ന് സെക്രട്ടറിയുടെ (ഇൻചാർജ്) സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6286രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. തൻ വർഷം ആകെ നാല് പ്രാവശ്യമാണ് ഓഫീസ് യോഗം ചേർന്നിട്ടുള്ളത്. ചേർന്ന യോഗത്തിൽ നികുതി പിരിവ്, സെക്ഷനിലെ പെൻറിംഗ് ജോലികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ സംബന്ധിച്ച് നിർദ്ദേശം നൽകുന്നതായും കണ്ടു. എല്ലാ മാസങ്ങളിലും യോഗം ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്താത്തതിനാൽ തനത് വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടാകുന്നില്ല. ഉദാ: എഫ് ടി ഇ&ഒ ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കുന്നതും, വസ്തു നികുതി ഈടാക്കുന്നതിലെ അപാകതകളും (ഖണ്ഡിക 1-14 കാണുക) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റിഹാളിന്റെ വാടകയിനത്തിൽ വളരെ തുച്ഛമായ തുകയാണ് വരവുള്ളത്. ഇതു സംബന്ധിച്ച ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിനോദ സഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിന് പാത്തൻപാറയിൽ കുട്ടിപ്പുല്ല് ടൂറിസം കുട്ടികളുടെ പാർക്ക് അനുബന്ധ കെട്ടിട നിർമ്മാണം എന്ന പദ്ധതിക്ക് 2022-23 വർഷം ഡി പി സി അംഗീകാരം ലഭിച്ചിട്ടുണ്ട് എന്നത് അഭിനന്ദനാർഹമാണ്.

## 1-10 ഗ്രാമ സഭ

ഗ്രാമ പഞ്ചായത്തിൽ ആകെ 19 വാർഡുകളാണ് ഉള്ളത്. എല്ലാ വാർഡുകളിലും ഡിസംബർ മാസത്തിൽ (1 പ്രാവശ്യം) ഗ്രാമ സഭ ചേർന്നിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി അവലോകനം, 2022-23 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവ സംബന്ധിച്ച് ഗ്രാമ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്.

## 1-11 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ നട്ടുവിൽ ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രേഖകളും,രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന-850/- രൂപയുടെ നഷ്ടം ഈടാക്കേണ്ടതാണ്

ഒന്നാം അർദ്ധ വർഷം.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം ₹ | ഈടാക്കിയ തുക ₹/ഉൾപ്പെട്ട രസീത് നമ്പർ |
|---|---|---|---|---|
| 1 | പോസ്റ്റാഫീസ് വെള്ളാട് | അനിൽ ജോസ് | 13000 | 650/121010107640 /31.3.2022. |
| 2 | പോസ്റ്റാഫീസ് വെള്ളാട് | മിഥുൻ | 13000 | 650/121010107640 /31.3.2022. |
| 3 | ക്ഷീരോത്പാദക സഹകരണ സംഘം വെള്ളാട്. | സജി.സി.എസ് | 13860 | 600/121010107613 /31.3.2022. |

രണ്ടാം അർദ്ധ വർഷം.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | അടിസ്ഥാന ശമ്പളം ₹ | ഈടാക്കിയ തുക ₹/ഉൾപ്പെട്ട രസീത് നമ്പർ |
|---|---|---|---|---|
| 1 | പോസ്റ്റാഫീസ് വെള്ളാട് | അനിൽ ജോസ് | 13000 | 650/121010107632 /31.3.2022. |
| 2 | പോസ്റ്റാഫീസ് വെള്ളാട് | മിഥുൻ | 13000 | 650/121010107632 /31.3.2022. |
| 3 | മുത്തൂറ്റ് മിനി ഫിനാൻസേഴ്സ്. | ജിസ്സ ആന്റണി. | 13410 | 600/121010106065 /28.2.2022. |
| 4 | മുത്തൂറ്റ് മിനി ഫിനാൻസേഴ്സ്. | അനീഷ ജോർജ്ജ്. | 13410 | 600/121010106065 /28.2.2022. |

മുകളിൽ പരാമർശിച്ച ഒന്നാം അർദ്ധ വർഷത്തെ ക്രമ നമ്പർ 1 മുതൽ 3 വരെയും, രണ്ടാം അർദ്ധ വർഷത്തെ ക്രമ നമ്പർ 1 മുതൽ 2 വരെയുമുള്ള ജീവനക്കാരുടെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയത് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല, പ്രസ്തുത തുക പ്രതിമാസ അടിസ്ഥാന ശമ്പളമാണോ,അർദ്ധ വർഷത്തേക്കുള്ള അടിസ്ഥാന ശമ്പളമാണോ എന്നും, രണ്ടാം അർദ്ധ വർഷത്തെ ക്രമ നമ്പർ 3 മുതൽ 4 വരെയുമുള്ള ജീവനക്കാരുടെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയത് പ്രതിമാസ അടിസ്ഥാന ശമ്പളമാണോ, അർദ്ധ വർഷത്തേക്കുള്ള അടിസ്ഥാന ശമ്പളമാണോ എന്നും വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/2021-22/18.10.2022) നൽകിയ മറുപടിയിൽ മുകളിൽ രേഖപ്പെടുത്തിയ തുകകൾ ജീവനക്കാരുടെ പ്രതിമാസ വരുമാനമാണെന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുള്ളതിനാൽ ഒന്നാം അർദ്ധ വർഷത്തിലെ ക്രമ നമ്പർ ഒന്നിലും, രണ്ടിലും 100 രൂപ വീതവും, ക്രമ നമ്പർ മൂന്നിലെ 150 രൂപയും ഉൾപ്പെടെ 350 രൂപയും. രണ്ടാം അർദ്ധ വർഷത്തിലെ ക്രമ നമ്പർ ഒന്നിലും, രണ്ടിലും 100 രൂപ വീതവും, ക്രമ നമ്പർ മൂന്നിലേയും,നാലിലേയും 150 രൂപയും ഉൾപ്പെടെയുള്ള 500 രൂപയും അടക്കം ആകെ 850 രൂപ ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

(2)ഗ്രാമ പഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/2021-22/18.10.2022) നൽകിയ മറുപടിയിൽ കരാറുകാരുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം അസി.എഞ്ചിനീയർക്ക് നൽകിയിട്ടുണ്ടെന്നും വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 1-12 വാടക - ബൈലോ തയ്യാറാക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാർഡ് നം 10-ൽ സ്ഥിതിചെയ്യുന്ന ഹാൾ ദിവസ വാടക 3540രൂപ (ജി.എസ്.ടി ഉൾപ്പെടെ) ഈടാക്കി വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും, വാടകയ്ക്ക് നൽകുമ്പോൾ പാലിക്കേണ്ട

വ്യവസ്ഥകളും, നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബൈലോ നാളിതുവരെ തയ്യാറാക്കിയിട്ടില്ല. 1994കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും, മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും, ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടുകൂടി ബൈലോ ഉണ്ടാക്കേണ്ടതുണ്ട്. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാടക കാലോചിതമായി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-13 വൈകി സമർപ്പിക്കുന്ന ജമമാറ്റത്തിനുള്ള അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 22 (5) പ്രകാരം വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച് നിശ്ചിത സമയത്തിനകം (മൂന്നു മാസം –ചട്ടം 22(1) ) സെക്രട്ടറിക്ക് നോട്ടീസ് നൽകുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ വീഴ്ച വരുത്തുന്ന ആളുകളുടെ മേൽ സെക്രട്ടറിക്ക് 500/- രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22സാമ്പത്തിക വർഷം നടുവിൽ ഗ്രാമ പഞ്ചായത്തിൽ ജമ മാറ്റത്തിന് സമർപ്പിച്ച ഏതാനും അപേക്ഷകൾ പരിശോധിച്ചപ്പോൾ പ്രസ്തുത പിഴ ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു . ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേര് | അപേക്ഷ തീയ്യതി | ആധാരം നം &രജിസ്ട്രേഷൻ തീയ്യതി |
|---|---|---|---|
| 1 | വയക്കരക്കത്ത് നബീൽ ഹക്കിം മുഹമ്മദ് | 01.02.2022. | 5/1/2018 തീയതി 01.01.2018 |
| 2 | വരകിൽ ടോണി ജോർജ് | 13.03.2022 | 3128/1/2021 തീയതി 02.11.2021 |
| 3 | കാഞ്ഞിരവിള മോനച്ചൻ | 07.10.2021 | 1044/1/21 തീയതി 19.03.2021 |

മുകളിൽ പരാമർശിച്ചിട്ടുള്ള അപേക്ഷകരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കുന്നതിനുവേണ്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.40/21-22- തീയ്യതി-18.10.2022) നൽകിയ മറുപടിയിൽ മുകളിൽ പരാമർശിച്ച മൂന്നു പേരിൽ നിന്നും യഥാക്രമം 18.10.2022-ലെ രസീത് നം.1220102921പ്രകാരം 500രൂപ, 19.10.2022-ലെ രസീത് നം.1220102944പ്രകാരം 250 രൂപ, 1.5.2022-ലെ രസീത് നം.12101010325പ്രകാരം 500രൂപയും ഈടാക്കിയതിന്റെ വിവരം അറിയിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ജമ മാറ്റത്തിന് സമർപ്പിച്ച നിശ്ചിത സമയ പരിധി കഴിഞ്ഞ മുഴുവൻ അപേക്ഷകളും പരിശോധിച്ച് ചട്ടപ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-14 തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

നടുവിൽ ഗ്രാമപഞ്ചായത്തിൽ തനത് വരുമാനത്തിലെ പ്രധാന സ്രോതസ്സ് വസ്തുനികുതിയാണ്. വാർഷിക വാടക മൂല്യത്തിന്റെയടിസ്ഥാനത്തിൽ 1993 വർഷത്തിൽ നടന്ന പരിഷ്കരണത്തിന് ശേഷം 20 വർഷം കഴിഞ്ഞാണ് 2013-14 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണത്തിന് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയത്. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ വസ്തുനികുതി പരിഷ്കരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തുനികുതി കുറ്റമറ്റ രീതിയിൽ പരിഷ്കരിക്കാൻ പര്യാപ്തമായിരുന്നു. എന്നാൽ അത് കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയപ്പോൾ. സർക്കാർ ഉത്തരവിൽ പറഞ്ഞ ഏറ്റവും കുറഞ്ഞ നിരക്കാണ് ഈടാക്കിയിട്ടുള്ളത്. തളിപ്പറമ്പ് ബ്ലോക്കിലെ സമീപ പ്രദേശത്തെ മറ്റ് ഗ്രാമ പഞ്ചായത്തുകൾ ഈടാക്കുന്നതിനെക്കാൾ കുറഞ്ഞ നിരക്കിലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്. ഉദാഹരണമായി പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെയും, മൊബൈൽ ടവറുകളുടെയും നികുതി ഘടന പരിശോധിക്കാം. നിലവിൽ 11448 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും, 12 മൊബൈൽ ടവറുകളുമാണുള്ളത്. 2013-14വർഷം മുതൽ പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് മിനിമം മൂന്ന് രൂപയും പരമാവധി എട്ട് രൂപയായും, മൊബൈൽ ടവറുകൾക്ക് മിനിമം 400 രൂപയും പരമാവധി 500 രൂപയായും,വസ്തു നികുതി നിശ്ചയിക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. ഇത്

യഥാക്രമം മിനിമം തുകയായ 3 രൂപയായും 400 രൂപയായുമാണ് ഈടാക്കുന്നത്.

വാണിജ്യാവശ്യങ്ങൾക്കും മറ്റ് വിഭാഗത്തിലും ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്തിൽ വളരെ കുറവാണ്. പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതിയാണ് ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയിനത്തിലെ പ്രധാനവരുമാനം. പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഇപ്രകാരം നിശ്ചയിച്ചത് ഭാവിയിൽ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ബാധിച്ചേക്കാനിടയാക്കുന്നതിനാൽ. വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള പ്രത്യേക അനുമതി സർക്കാരിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമന്ന് ശുപാർശ ചെയ്യുന്നു. 2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള സേവന ഉപനികുതി കൂടി ചുമത്തുവാനുള്ള സാധ്യതകൾ കൂടി പരിശോധിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ നടുവിൽ ഗ്രാമപഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് ഈടാക്കി തുടങ്ങിയത് 12.2.2018 ലെ ഭരണസമിതി തീരുമാനം നമ്പർ 4/4/(1) പ്രകാരമാണ്. 2017 -ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ ഇനത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദന മേഖല,സേവന മേഖല എന്നിങ്ങനെ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസ് എന്നിങ്ങനെ തരം തിരിച്ച് നിശ്ചയിക്കാവുന്ന പരമാവധി ഫീസിനെക്കുറിച്ച് പറയുന്നുണ്ട് ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ നിർണ്ണയിച്ചപ്പോൾ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ഥാപനങ്ങളുള്ള മൈക്രോ എന്റർപ്രൈസസ് സേവന മേഖലയിൽ ഈടാക്കിയിട്ടുള്ള ത് 500000 രൂപവരെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് 200 രൂപയും 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് 500 രൂപയുമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്തിട്ടുള്ള 640 സ്ഥാപനങ്ങളിൽ ഭൂരിഭാഗം സ്ഥാപനങ്ങളും മൈക്രോ എന്റർപ്രൈസസ് സേവന മേഖലയിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപം ഉള്ളവയാണ്. ഇതിൽ ഉൾപ്പെടുന്ന എല്ലാ വിഭാഗത്തിൽ നിന്നും, കേവലം 200 രൂപ ഈടാക്കുന്നതിന് പകരം. സർക്കാർ ഉത്തരവിൽ പറയുന്ന പരമാവധി തുക മറികടക്കാതെയുള്ള നിരക്കുകൾ ഈടാക്കുന്ന വിധത്തിൽ മൂലധന നിക്ഷേപ സ്ലാബുകളിൽ മാറ്റം വരുത്തുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ഗ്രാമപഞ്ചായത്ത് തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ് മെന്റ്, കറന്റ് അക്കൗണ്ടുകളാണ്. വസ്തുനികുതി ഇ-പേയ് മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടിയിരുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | 31.03.2022-ലെ നീക്കിയിരിപ്പ് |
|---|---|---|
| എസ് ബി ഐ കരുവഞ്ചാൽ | 37193947886 | 1813471 |

ഗ്രാമപഞ്ചായത്ത് തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയതിനാൽ പലിശയിനത്തിൽ ലഭിക്കേണ്ട വലിയ വരുമാനം ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. അക്കൗണ്ട് മാറ്റുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 ആർജിതാവധി സറണ്ടർ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 ഉത്തരവിൽ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 മുതലേ അനുവദിക്കുകയുള്ളൂവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പേര് ഉദ്യോഗപേര് | വൗച്ചർ നമ്പർ തീയതി തുക | അനുവദിച്ച തുക |
|---|---|---|---|
| 1 | ശ്രീ.അശോകൻ എം എം,അസിസ്റ്റന്റ് സെക്രട്ടറി | 22100176/02.06.2021 | 67377 |
| 2 | ശ്രീ.സജി സെബാസ്റ്റ്യൻ,ഹെഡ് ക്ലാർക്ക് | 22100176/02.06.2021 | 57054 |

| | | | |
|---|---|---|---|
| 3 | ശ്രീ.ബിജി തോമസ് യു,അക്കൗണ്ടന്റ് | 22100176/02.06.2021 | 53058 |
| 4 | ശ്രീ.സജി ഇമ്മാനുവേൽ,സീനിയർ ക്ലാർക്ക് | 22100176/02.06.2021 | 51837 |
| 5 | ശ്രീ.അബ്ദുൾ അസീസ് കെ പി,സീനിയർ ക്ലാർക്ക് | 22100176/02.06.2021 | 49395 |
| 6 | ശ്രീ.ലക്ഷ്മണൻ എം പി,സീനിയർ ക്ലാർക്ക് | 22100176/02.06.2021 | 43623 |
| 7 | ശ്രീ.മഞ്ജുഷ എൻ എസ്,സീനിയർ ക്ലാർക്ക് | 22100176/02.06.2021 | 42513 |
| 8 | ശ്രീ.സരിത ഇ ,ക്ലാർക്ക് | 22100176/02.06.2021 | 37518 |
| 9 | ശ്രീ.മനോജ് കുമാർ വി,ക്ലാർക്ക് | 22100176/02.06.2021 | 31909 |

അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (28/17.10.2022) 26-07-2021 ലെ ഉത്തരവ് വരുന്നതിന് മുന്നേയാണ് ജീവനക്കാർക്ക് ആർജിതാവധി അനുവദിച്ചതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആർജിതാവധി സറണ്ടർ ചെയ്തത് സംബന്ധിച്ച് സർക്കാറിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-17 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

വൗച്ചർ നമ്പർ തീയതി തുക 22100021/15.04.2021 ₹266350

വൗച്ചർ നമ്പർ തീയതി തുക 22100020/15.04.2021 ₹919629

(1) ജി.ഒ(പി)25/2021/ധന തീയതി 08-02-2021 പ്രകാരം 01/2019 മുതൽ 02/2021 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. ജീവനക്കാർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടുത്തിയാണ് കുടിശ്ശിക അനുവദിച്ചത്. ജീവനക്കാർ മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത് വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് തസ്തിക | ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക | അപാകത |
|---|---|---|---|---|
| 1 | അശോകൻ എം എം, അസിസ്റ്റന്റ് സെക്രട്ടറി | 14.07.2020 | 111545 | 01-01-2019 മുതൽ 13.07-2020 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | ബിജി തോമസ്, അക്കൗണ്ടന്റ് | 06.08.2019 | 91615 | 01-01-2019 മുതൽ 05.08-2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ |

| | | | | |
|---|---|---|---|---|
| | | | | ഹാജരാക്കിയിട്ടില്ല. |
| 3 | ലക്ഷ്മണൻ എം പി, സീനിയർ ക്ലാർക്ക് | 17.07.2020 | 78177 | 01.01-2019 മുതൽ 16.07-2019 വരെ ജോലിചെയ്ത കാര്യാലയങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |

അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (27/17.10.2022) ബന്ധപ്പെട്ട ജീവനക്കാർ പ്രസ്തുത കാലയളവിൽ ജോലി ചെയ്ത കാര്യാലയങ്ങളിൽ നിന്നും ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജീവനക്കാർ മുന്നേ ജോലിചെയ്തുരുന്ന സ്ഥാപനങ്ങളിൽ നിന്ന് ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം, ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-18 ഫെസ്റ്റിവെൽ അഡ്വാൻസ് നൽകിയത് -സമയബന്ധിതമായി തിരികെ ഈടാക്കിയിട്ടില്ല

2021-22 വർഷങ്ങളിലെ വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-18 പ്രകാരം 18000 രൂപ ഫെസ്റ്റിവെൽ അഡ്വാൻസ് നൽകിയത് തിരികെ ഈടാക്കാൻ ബാക്കിയുണ്ട്. വൗച്ചർ നമ്പർ 22100362 തീയതി 18.08.2021 പ്രകാരം 2021-22വർഷം 120000 രൂപ ജീവനക്കാർക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ 31.03.2022 തീയതി വരെ 102000 രൂപ മാത്രമേ തിരികെ ലഭിച്ചിട്ടുള്ളൂ. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്ത ജീവനക്കാരിൽ നിന്നും അഡ്വാൻസ് മുഴുവനായും തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര്,തസ്തിക | അഡ്വാൻസ് നൽകിയ തുക | തിരികെ ഈടാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | അബ്ദുൾ അസീസ് കെ പി,സീനീയർ ക്ലാർക്ക് | 15000 | 9000 |
| 2 | മുരളീധരൻ എം പി,ഓഫീസ് അറ്റൻഡന്റ് | 15000 | 9000 |

സ.ഉ(അച്ചടി)നം 116/2021 ധന തീയതി 13.08.2021 ഉത്തരവ് പ്രകാരം ഇപ്രകാരം അഡ്വാൻസ് നൽകുന്ന തുക അഞ്ച് തുല്യ മാസ ഗഡുക്കളായി 2021 ഒക്ടോബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഫെബ്രുവരി മാസത്തിനകം ഒടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

അപാകങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (50/20.10.2022) ക്രമനമ്പർ 1 ജീവനക്കാരന്റെ അഡ്വാൻസ് തുക 07.04.2022 തീയതിയിൽ തുക ഈടാക്കിയതിന്റ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.ക്രമനമ്പർ 2 ജീവനക്കാരനിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.അഡ്വാൻസ് നൽകിയ തുക സമയബന്ധിതമായി തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും തുടർനടപടികൾ ഒഴിവാക്കേണ്ടതുമാണ്.

## 1-19 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല – തടസ്സം - ₹249465

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ/പേര് | 105/22,ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വിതരണം |
| അടങ്കൽ | ₹250000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹249465 |
| ബിൽ നം. & തീയതി | 329/26.3.2022 |

ഭിന്നശേഷിക്കാർക്ക് അവരുടെ അതിജീവനത്തിനായി പ്രത്യേക ക്യാമ്പ് നടത്തിക്കൊണ്ട് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള പ്രോജക്ടാണിത്. മെഡിക്കൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും വാങ്ങി നൽകുന്നു. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

1.മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതിന്റെ വിവരങ്ങൾ

2. തോമസ് അഖിൽ, മരിയ സനൽ, സുകന്യ സോമൻ എന്നീ ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ

3. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം

4.ഗുണഭോക്താക്കൾക്ക് ഏതൊക്കെ ഉപകരണങ്ങളാണ് അനുവദിച്ചതെന്നതിന്റെ വിവരങ്ങൾ.

5.മോണിട്ടറിംഗ് റിപ്പോർട്ട്.

ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ 3 പേർക്കാണ് Hand Exerciser ഡോക്ടർ ശുപാർശ ചെയ്തത്. എന്നാൽ KSHPWCL (കേരള സ്റ്റേറ്റ് ഹാന്റികാപ്പ്ഡ് പേഴ്സൻസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്) ലെ ബില്ലിൽ 4 എണ്ണം സപ്ലൈ ചെയ്തതായി കാണുന്നു. കൂടാതെ ബില്ലിൽ 4 Finger Exerciser സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ആരുടെ അപേക്ഷയിലും ഈ ഉപകരണം ശുപാർശ ചെയ്തതായി കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം / രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/15.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റേയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുകയായ ₹249465 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-20 അമൃതം ന്യൂട്രിമിക്സ് സ്റ്റോക്കിലെടുത്തിട്ടില്ല - ₹437086 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ & പേര് | 27/22, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹2500000 (വികസന ഫണ്ട്)<br>₹2200000 (കേന്ദ്രവിഹിതം)<br>---------------<br>₹4700000 |
| ചെലവ് | ₹2324292<br>₹1295147<br>--------------<br>₹3619439 |
| ബിൽ നമ്പർ & തീയതി | 5/26.5.21 – ₹798818<br>6/26.5.21 – ₹171659<br>7/31.5.21 – ₹175628<br>10/11.6.21 – ₹316775<br>13/29.6.21 – ₹410045<br>22/9.8.21 – ₹400217<br>63/26.10.21 – ₹51150<br>-----------------------------------<br>₹2324292 |
| വൗച്ചർ നമ്പർ & തീയതി | 22100478/24.9.21 – ₹407693<br>22100574/28.10.21 – ₹450369<br>22101069/31.3.22 – ₹437085<br>-----------------------------------------------<br>₹1295147 |

പഞ്ചായത്തിലെ 38 അങ്കണവാടികൾക്ക് വിതരണം ചെയ്യാനായി ചുവടെ ചേർത്തിട്ടുള്ള ബിൽ പ്രകാരം നാച്വറൽ ഫുഡ്

പ്രോഡക്ട്, ഒറ്റത്തൈ, ആലക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള ന്യൂട്രിമിക്സ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

| ഇൻവോയിസ് നം. & തീയതി | അളവ് | തുക (ജി എസ് ടി ഉൾപ്പെടെ) | വൗച്ചർ നം. & തീയതി |
|---|---|---|---|
| 17/27.11.2021 | 1998kg | 146853 | 22101068/30.3.2022 ₹437086 |
| 19/2.12.2021 | 2068.875 | 152062.31 | |
| 22/20.1.2022 | 1879.875 | 138170.81 | |

₹437086 നാച്വറൽ ഫുഡ് പ്രോഡക്ട് കൈപ്പറ്റിയതിന്റെ രശീതി ബന്ധപ്പെട്ട ഫയലിൽ ഇല്ല.

ന്യൂട്രിമിക്സ് സ്റ്റോക്കിലെടുക്കാത്തതിന് വിശദീകരണം/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 42/18.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ₹437086 ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-21 കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾ മാറ്റി നൽകൽ - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ - രേഖകൾ ഹാജരാക്കിയിട്ടില്ല - ₹150000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 111/22, കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾ മാറ്റി നൽകൽ |
| അടങ്കൽ | ₹150000 (വികസന ഫണ്ട്,ജനറൽ) |
| ചെലവ് | ₹150000 |
| ബിൽ നമ്പർ & തീയതി | 332/26.3.22 |

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ മാറ്റി നൽകുന്നതിനായി ഒരു കുട്ടിക്ക് 50000 രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇത് പ്രകാരം 150000 രൂപ മേൽ ബിൽ പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്.

എന്നാൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ സാക്ഷ്യപത്രം, ഏതൊക്കെ കുട്ടികൾക്കാണ് ഉപകരണങ്ങൾ മാറ്റി നൽകിയത് എന്നതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10 / 15.10.2022ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടേയും വിശദീകരണത്തിന്റേയും അഭാവത്തിൽ 150000 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-22 ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

2021-22 വർഷം പദ്ധതിക്കായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ അങ്കണവാടി പോഷകാഹാര പദ്ധതിക്കായി (ജനറൽ), (പ്രോജക്ട് നമ്പർ 27/22) പട്ടിക വിഭാഗം (പ്രോജക്ട് നമ്പർ 40/22) എന്നിവയ്ക്കായി ₹45,19,439 (₹3619439+₹900000) ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ₹19,10,085 ചെലവഴിച്ചിരിക്കുന്നത് നാച്വറൽ ഫുഡ് പ്രോഡക്ട്, ആലക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് അമൃതം ന്യൂട്രിമിക്സ് വാങ്ങുന്നതിനാണ്.

22.09.2014-ലെ സ.ഉ (സാധാ) നം. 587/2014/ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില മുതലായവ ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് നല്കിയാൽ

മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ലാബ് ടെസ്റ്റ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയാണോ അങ്കണവാടികളിൽ ഇതിന്റെ വിതരണം നടത്തിയിരിക്കുന്നത് എന്ന് വിശദമാക്കുന്നതിനായി ലാബ് ടെസ്റ്റ് റിപ്പോർട്ട് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം.12/15.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ട് മാസത്തിലൊരിക്കൽ ലാബ് ടെസ്റ്റ് നടത്തി ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിനു ശേഷം മാത്രം കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അങ്കണവാടി പോഷകാഹാരം- ന്യൂട്രിമിക്സ് ഇനത്തിൽ നിന്നും ജി എസ് ടി – ടി ഡിഎസ് കുറവ് ചെയ്തിട്ടില്ല

| | | |
|---|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ | |
| പ്രോജക്ട് നം. & പേര് | 27/2022, അങ്കണവാടി പോഷകാഹാരം | 40/2022, അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | ₹2500000 (വികസന ഫണ്ട്)<br>₹2200000 (കേന്ദ്ര വിഹിതം)<br>₹4700000 | ₹900000 (വികസന ഫണ്ട്-STP) |
| ചെലവ് | ₹2324292 (വികസന ഫണ്ട്)<br>₹1295147 (കേന്ദ്ര വിഹിതം)<br>₹3619439 | ₹900000 (വികസന ഫണ്ട്) |
| ബിൽ നം. , വൗച്ചർ നം. & തീയതി | 5/26.5.2021 -₹798818<br>6/26.5.2021 - ₹171659<br>7/31.5.2021 -₹175628<br>10/11.6.2021 – ₹316775<br>13/29.6.2021 – ₹410045<br>22/9.8.2021 -₹400217<br>63/26.10.2021 – ₹51150<br>22100472/24.9.2022 –<br>-----------------------<br>₹407693<br>22100574/28.10.2022 –<br>-----------------------<br>₹450369<br>22101068/30.3.2022 – ₹437085<br>₹3619439 | 23/9.8.2021 -₹363893<br>38/17.9.2021 -₹169922<br>62/26.10.2021 – ₹312557<br>77/9.11.2021 -₹15600<br>298/25.3.2022 – ₹38028<br>₹900000 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിന ശേഷം തുക അനുവദിക്കുമ്പോൾ ആകെ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 38 അങ്കണവാടികൾക്കായി Natural Food Products ന്റെ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ് നം. 27/2022

| ക്രമ നം | ബിൽ നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം, ചെക്ക് നം. & തീയതി ,തുക |
|---|---|---|---|
| 1 | 30/30.4.2021 | ₹152617.5 | 10/11.6.2021 ₹316775 |
| 2 | 41/31.5.2021 | ₹149073.75 | |
| 3 | 17/27.11.2021 | ₹139860 | 22101068/30.3.2022 ₹437085 |
| 4 | 19/2.12.2021 | ₹144821.25 | |
| 5 | 22/20.1.2022 | ₹131591.25 | |
| | ആകെ | ₹717963.5 | |

പ്രോജക്റ്റ് നം. 40/2022

| ക്രമ നം | ബിൽ നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ള തുക) (₹) | ബിൽ നം, ചെക്ക് നം. & തീയതി , തുക |
|---|---|---|---|
| 1 | 1/21.6.2021 | ₹156870 | 23/9.8.2021 ₹363893 |
| 2 | 4/20.7.2021 | ₹154743.75 | |
| 3 | 11/23.9.2021 | ₹154743.75 | 62/26.10.2021 ₹312557 |
| 4 | 13/23.10.2021 | ₹142931.125 | |
| | ആകെ | ₹609288.63 | |

മേൽ തുകയിൽ നിന്നും യഥാക്രമം 14360 (7180+7180) രൂപ, 12186 (6093+6093) രൂപ ടിഡി എസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/15.10.2022 ന് അറിവില്ലായ്മ കൊണ്ടാണ് ടി ഡി എസ് ഈടാക്കാത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ

നിർദ്ദേശാനുസരണം സ്രോതസ്സിൽ നിന്നും നിയമാനുസൃത തുക ഈടാക്കിയതിനു ശേഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിച്ചു - വിതരണരേഖകൾ ഹാജരാക്കിയിട്ടില്ല - ₹173528 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, വെള്ളാട് യു പി സ്കൂൾ |
| പ്രോജക്ട് നം. & പേര് | 195/22, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ | ₹55924 (വികസന ഫണ്ട്)<br>₹120000 (SCP)<br>₹175924 |
| ചെലവ് | ₹55924 (വികസന ഫണ്ട്)<br>₹117604 (SCP)<br>₹173528 |
| ബിൽ . & തീയതി | 256/19.3.2022 - ₹117604<br>325/26.3.2022 - ₹55924<br>₹173528 |

ബിരുദ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് അനുവദിക്കുന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും നാല് ലാപ്പ്ടോപ്പുകൾ (Intel Core I3) വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ലാപ്പ്ടോപ്പുകളുടെ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും വിതരണ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/13.10.2022 ന് നന്ദന കൃഷ്ണൻ, മീനു മനോജ്, ആതിര രാജേന്ദ്രൻ, ബാലമോൾ പി എന്നീ 4 വിദ്യാർത്ഥികളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കിയെങ്കിലും ടി വിദ്യാർത്ഥികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. കൂടാതെ ഇവർക്ക് ലാപ്പടോപ്പ് വിതരണം ചെയ്തതിന്റേയും കൈപ്പറ്റിയതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടി രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹173528 തടസ്സപ്പെടുത്തുന്നു.

## 1-25 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-രേഖകളുടെ അഭാവത്തിൽ ₹39945 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ. നടുവിൽ ഗ്രാമ പഞ്ചായത്ത്. |
| പ്രൊജക്ട് നം. | 15/22 |
| പ്രൊജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | ₹2500000<br>(വികസന ഫണ്ട് -₹500000)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹500000)<br>(ജില്ലാ പഞ്ചായത്ത് വിഹിതം-₹1500000) |
| ചെലവ് | ₹1292000<br>(വികസന ഫണ്ട് -₹500000)<br>(ബ്ലോക്ക് പഞ്ചായത്ത് വിഹിതം-₹450000)<br>(ജില്ലാ പഞ്ചായത്ത് വിഹിതം-₹342000) |
| ബിൽ | 65/27.10.2021/₹500000. |

| | |
|---|---|
| നം/തീയ്യതി/തുക | 66/28.10.2021/₹450000.<br>82/18.11.2021/₹342000 |

മേൽ പദ്ധതിയുടെ ഭാഗമായി വാർഡ് നം.12-ൽ നിന്ന് ആനുകൂല്യം ലഭിച്ച ഗുണഭോക്താവായ മേരി സ്കറിയയ്ക്ക് (ആധാർ നമ്പർ 7948 7205 6721) പുലിക്കുരുമ്പ ക്ഷീരോത്പാദക സഹകരണ സംഘത്തിൽ 27962 ലിറ്റർ പാൽ അളന്നതിന് സബ്സിഡി ഇനത്തിൽ മുകളിൽ പരാമർശിച്ച മൂന്ന് ബില്ലിൽ ഉൾപ്പെട്ട തുകയിൽ നിന്ന് 39945 (19508+17568+ 2869) രൂപ അനുവദിച്ചിട്ടുള്ളത് കനറാ ബാങ്കിന്റെ 42442210007014-എന്ന അക്കൗണ്ട് നമ്പറിലാണ് അപേക്ഷകൾ ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2021-22.തീയ്യതി-15.10.2022) നൽകിയ മറുപടിയോടൊപ്പം പ്രസ്തുത ഗുണഭോക്താവിന്റെ കേരള ഗ്രാമീണ ബാങ്കിന്റെ 40724101015762-എന്ന അക്കൗണ്ട് നമ്പറാണ് ഹാജരാക്കിയിട്ടുള്ളത്. സബ്സിഡി തുക കൈമാറിയ ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 ശാരീരീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - സ്കൂൾ സർട്ടിഫിക്കറ്റ് ഇല്ലാതെ ആനുകൂല്യം അനുവദിച്ചു

14.2.2018 ലെ സ.ഉ (കൈ) നം.22/2018/തസ്വഭവ നം. ഉത്തരവിലെ ഖ7.1.6 (എ), പ്രകാരം ശാരീരീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട നിരക്കിലാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. എന്നാൽ ചുവടെ ചേർത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കൂൾ സാക്ഷ്യപത്രം ഹാജരാക്കാതെ തന്നെ സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1 | അഞ്ജന ബിജു |
| 2 | അനസ് പി യു |
| 3 | ക്രിസ്റ്റി ജോണി |
| 4 | അശ്വിൻ എം |
| 5 | സുകന്യ സോമൻ |
| 6 | റസിയ കെ എം |
| 7 | വിഷ്ണു ജനാർദ്ദനൻ |

മേൽ പരാമർശത്തിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/15.10.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ആനുകൂല്യം അനുവദിക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട രേഖകളെല്ലാം പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം അർഹതപ്പെട്ട തുക കൃത്യമായി അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ സ്കൂൾ സാക്ഷ്യപത്രം ഹാജരാക്കി തുടർനടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-27 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം അനുവദിച്ച ₹25427 ക്രമീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണം | ഐസിഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 13/22, ശാരീരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | ₹800000(വികസന ഫണ്ട്)<br>₹400000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹400000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹16,00,000 |
| ചെലവ് | ₹764876 (വികസന ഫണ്ട്)<br>₹397000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹399575 (ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| | ₹15,61,451 |
| BRN & തീയതി | 37/17.9.2021 - ₹2,33,200<br>299/25.3.2022- ₹3,23,200<br>302/25.3.2022 -₹2,08,476<br>22101068/26.3.2022 -₹3,99,575<br>22101067/26.3.2022 - ₹3,97,000<br>₹15,61,451 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 81 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

